**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2880** **13-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ കോളേജുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമാന്തര വിദ്യാഭ്യാസം നടത്തുന്ന എത്ര സഹകരണ കോളേജുകൾ ഉണ്ട്; ഇത്തരം കോളേജുകൾക്ക് സർക്കാർ നൽകി വരുന്ന സാമ്പത്തിക സഹായങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കാമോ; | (എ) | സഹകരണമേഖലയിൽ സംസ്ഥാനത്താകെ സമാന്തര വിദ്യാഭ്യാസം നടത്തുന്ന 35 സഹകരണ കോളേജുകൾ ഉണ്ട്.<br><br>സർക്കാർ ഓഹരി മൂലധനം, മോഡണൈസേഷൻ, ഉപകരണങ്ങൾ/ഫർണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്, സ്റ്റോർ നടത്തുന്നതിനുള്ള ഓഹരി മൂലധനം, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സബ്സിഡി/ഗ്രാന്റ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ സംഘങ്ങൾക്ക് നൽകിവരുന്നു. |
| (ബി) | യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ സഹകരണ കോളേജുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | യൂണിവേഴ്സിറ്റികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സുകൾ ഭാഗികമായി നിർത്തിയതോടെ സഹകരണ കോളേജുകളിൽ ഡിഗ്രി കോഴ്സുകൾക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിൽ ക്രമാതീതമായി കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സഹകരണ കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | സഹകരണ കോളേജുകളെ സംരക്ഷിക്കാനും നിലനിർത്താനും സർക്കാർ ഓഹരി മൂലധനം, മോഡണൈസേഷൻ സ്കീം, ഉപകരണങ്ങൾ/ഫർണിച്ചർ, ഫിറ്റിംഗ്സ് എന്നിവയ്ക്കുള്ള ഗ്രാന്റ്, സ്റ്റോർ നടത്തുന്നതിനുള്ള ഓഹരി മൂലധനം, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സബ്സിഡി/ഗ്രാന്റ് തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ സംഘങ്ങൾക്ക് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ